# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ T.V. IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് – സ്ത്രീധന നിരോധന നിയമം-1961 ദിനാചരണം പരിപാടി നടത്തുന്നതിന് തുക അനുവദിച്ച് നൽകി ഉത്തരവാകുന്നു.

പരാമർശം: സ്ത്രീധന നിരോധന നിയമം-1961, ഗാർഹിക പീഢന നിരോധന നിയമം – 2005.

**ഉത്തരവ് നമ്പർ WEC2-14242/20(1) തീയതി: 20-11-2020**

സ്ത്രീധന സമ്പ്രദായം അവസാനിപ്പിക്കുന്നതിനായി 1961.ൽ സ്ത്രീധന നിരോധന നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 1992.ൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കുകയും 2004ൽ പുതിയ വകുപ്പുകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം നടപ്പിലാക്കിയെങ്കിലും സ്ത്രീധന സമ്പ്രദായം ഇന്നും സമൂഹത്തിൽ ആഴത്തിൽ വേരോടി നിൽക്കുന്നുണ്ട്. ഇതിന് അറുതി വരുത്തുന്നതിന് ബോധവൽക്കരണ നടപടികൾകൂടി ആവശ്യമാണ്.

ഇതിന്റെ ഭാഗമായി 2020 നവംബർ 26-ന് 14 ജില്ലകളിലും ജില്ലാതല പരിപാടിയായി സ്ത്രീധന നിരോധന - ഗാർഹിക പീഢന നിരോധന ദിനം ആചരിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ജില്ലാതല പരിപാടികൾക്ക് ഒരു ജില്ലയ്ക്ക് 5,000/-രൂപ (അയ്യായിരം രൂപ മാത്രം) ക്രമത്തിൽ 14 ജില്ലകൾക്കായി 70,000/-രൂപയും (എഴുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ICDS പ്രവർത്തകർ,കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, കോളേജ് വിദ്യാർത്ഥികൾ, NSS, NCC വാളണ്ടിയേഴ്സ്, സാമൂഹ്യ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവരെ ഉൾപ്പെടുത്തി കോവിഡ് മാനദണ്ഡങ്ങൾ, ഇലക്ഷൻ പെരുമാറ്റചട്ടങ്ങൾ എന്നിവ പാലിച്ച് വിർച്വൽ പ്ലാറ്റ്ഫോമിലോ അല്ലാതെയോ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. 'സ്ത്രീധന നിരോധനം' എന്ന വിഷയത്തെ ആസ്പദമാക്കി വിർച്വൽ പോസ്റ്റർ തയ്യാറാക്കൽ പരിപാടി സംഘടിപ്പിക്കേണ്ടതും ഏറ്റവും മികച്ച പോസ്റ്റർ തയ്യാറാക്കിയ രണ്ട് പേർക്ക് (ഒന്നും രണ്ടും) സമ്മാനം നൽകേണ്ടതുമാണ്. നിയമക്ലാസ് പോസ്റ്റർ രചന, ഡിബേറ്റ്, സ്കിറ്റ്സ് തയ്യാറാക്കൽ എന്നീ പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്. പരിപാടികൾ സാമൂഹ്യ മാധ്യമങ്ങൾ വഴി Live stream ചെയ്യാവുന്നതാണ്.

ധനകാര്യ വിശകലനം

| | | |
|---|---|---|
| റിസോഴ്സ് പേഴ്സൺസ് ഹോണറേറിയം | - | 1,000/-രൂപ |
| സമ്മാന തുക (1st ) | - | 1,000/-രൂപ |
| (2nd ) | - | 500/-രൂപ |
| മറ്റ് ചെലവുകൾ | - | 2,500/-രൂപ |
| **ആകെ** | **-** | **5,000/-രൂപ** |

( ആകെ അയ്യായിരം രൂപ മാത്രം)

ജില്ലാതലത്തിൽ പരിപാടികൾക്ക് അനുവദിച്ച ആകെ തുകയിൽ മാറ്റം വരുത്താതെ (അധികരിക്കാതെ) ബഡ്ജറ്റിൽ ആവശ്യമായ ക്രമീകരണം നടത്താവുന്നതാണ്.

**ആകെ അനുവദിക്കാവുന്ന തുക ജില്ല തിരിച്ച്.**

| | | |
|---|---|---|
| 1. | തിരുവനന്തപുരം | Rs.5,000/- |
| 2. | കൊല്ലം | Rs.5,000/- |
| 3. | പത്തനംതിട്ട | Rs.5,000/- |
| 4. | ആലപ്പുഴ | Rs.5,000/- |
| 5. | കോട്ടയം | Rs.5,000/- |
| 6. | ഇടുക്കി | Rs.5,000/- |
| 7. | എറണാകുളം | Rs.5,000/- |
| 8. | തൃശ്ശൂർ | Rs.5,000/- |
| 9. | പാലക്കാട് | Rs.5,000/- |
| 10. | മലപ്പുറം | Rs.5,000/- |
| 11. | കോഴിക്കോട് | Rs.5,000/- |
| 12. | വയനാട് | Rs.5,000/- |
| 13. | കണ്ണൂർ | Rs.5,000/- |
| 14. | കാസർഗോഡ് | Rs.5,000/- |
| | **ആകെ** | **Rs.70,000/-** |

(എഴുപതിനായിരം രൂപ മാത്രം).

ജില്ലാതലത്തിലെ പരിപാടികൾക്ക് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ നേതൃത്വം നൽകേണ്ടതും വനിത പ്രൊട്ടക്ഷൻ ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർക്ക് വിവിധ പരിപാടികളുടെ ചുമതല നൽകേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ 70,000/-രൂപ (എഴുപതിനായിരം രൂപ മാത്രം) ദിനാചരണങ്ങൾക്ക് വകയിരുത്തി യിട്ടുള്ള 2235-02-103-59 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്. പരിപാടി സംഘടിപ്പിച്ചതിന് ശേഷം വിശദമായ റിപ്പോർട്ടും ചെലവ് വിവര പട്ടികയും ധന വിനിയോഗസാക്ഷ്യപത്രവും ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
വനിതശിശു വികസന ഡയറക്ടർ.

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.

പകർപ്പ്:

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
2) എല്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.
3) സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ.
4) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Sendu

സൂപ്രണ്ട്

ജികെ/